# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 8)1462/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 25/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 8)1462/23 തീയ്യതി: 25/11/2023

## എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മരുൺ മാത്യു , ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ കെ വി, ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| മാത്യൂസ് വർക്കി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എൻ അനിൽ കുമാർ | സെക്രട്ടറി | 01-04-2022 | 04-12-2022 |
| റോഷിൻ കോഷി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-12-2022 | 17-12-2022 |
| എൻ അനിൽ കുമാർ | സെക്രട്ടറി | 18-12-2022 | 12-01-2023 |
| റോഷിൻ കോഷി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 18-01-2023 |
| ജിനേഷ് ജി | സെക്രട്ടറി | 19-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനിത കെ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 17-11-2022 |
| റോഷിൻ കോഷി | അസിസ്റ്റന്റ് സെക്രട്ടറി | 18-11-2022 | 31-03-2023 |
| രശ്മി എം വി | കൃഷി ഓഫീസർ | 01-04-2022 | 11-11-2022 |
| അഞ്ജു കെ പോൾ | കൃഷി ഓഫീസർ | 12-11-2022 | 02-03-2023 |
| അശ്വതി ടി വാസു | കൃഷി ഓഫീസർ | 03-03-2023 | 31-03-2023 |
| ലീന പോൾ | വെറ്റനറി സർജൻ | 01-04-2022 | 27-01-2023 |
| ജോഷി എലിസബത്ത് ജോൺ | വെറ്റനറി സർജൻ | 28-01-2023 | 31-03-2023 |
| സന്ധ്യ കൃഷ്ണൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-12-2022 |
| സൌമ്യ കമാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-12-2022 | 31-03-2023 |
| സലീം പി എ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ജോസഫ് തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 09-01-2023 |
| ഡോ ശ്രീജിത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10-01-2023 | 31-03-2023 |
| അനുപമ ശങ്കർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-03-2023 |
| ദർശിനി ഷിബു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ലക്ഷ്മി എസ് നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ദിവ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 20-07-2022 |
| ആതിര | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-07-2022 | 31-03-2023 |
| ജാൻസി പൗലോസ് | വി ഇ ഒ (പായിപ്ര) | 01-04-2022 | 31-03-2023 |
| രജിത ജോബ് | വി ഇ ഒ (മുളവൂർ) | 01-04-2022 | 08-07-2022 |
| ജാൻസി പൗലോസ് | വി ഇ ഒ (മുളവൂർ) | 09-07-2022 | 14-07-2022 |
| സുബലക്ഷ്മി പി എ | വി ഇ ഒ (മുളവൂർ) | 15-07-2022 | 29-12-2022 |
| നെഹാല മൊയ്തീൻ | വി ഇ ഒ (മുളവൂർ) | 30-12-2022 | 04-02-2023 |
| അഞ്ജന ടി | വി ഇ ഒ (മുളവൂർ) | 05-02-2023 | 31-03-2023 |
| ശാന്ത പി.കെ. | വി ഇ ഒ (തൃക്കാരിയൂർ) | 01-04-2022 | 14-07-2022 |
| തെരേസ ബർണാഡ് | വി ഇ ഒ (തൃക്കാരിയൂർ) | 15-07-2022 | 12-09-2022 |
| സുബലക്ഷ്മി പി എ | വി ഇ ഒ (തൃക്കാരിയൂർ) | 13-09-2022 | 29-12-2022 |
| നെഹാല മൊയ്തീൻ | വി ഇ ഒ (തൃക്കാരിയൂർ) | 30-12-2022 | 09-02-2023 |
| സുബലക്ഷ്മി പി എ | വി ഇ ഒ (തൃക്കാരിയൂർ) | 10-02-2023 | 31-03-2023 |
| ബിൻസീന ഇബ്രാഹിം | വി ഇ ഒ (മുടവൂർ) | 01-04-2022 | 27-04-2022 |
| ഗ്രീഷ്മ രാജൻ | വി ഇ ഒ (മുടവൂർ) | 28-04-2022 | 17-12-2022 |
| ജാൻസി പൗലോസ് | വി ഇ ഒ (മുടവൂർ) | 18-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | നികുതി,നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. | 1-1-10 |
| 12 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-11 |
| 13 | സി എഫ് സി ബേസിക് ഗ്രാന്റ് ചെലവ് തുക എസി ആർ വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ലൈഫ് മിഷൻ വായ്പ തുകയുടെ നീക്കിയിരിപ്പ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷാ പെൻഷൻ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 24 | തനതു ഫണ്ട് സമാഹരണം-പൊതു അവലോകനം | 1-11 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 26 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-1 |
| 27 | ലൈസൻസ്-അപാകതകൾ | 1-13 |
| 28 | വസ്തു നികുതി- അപാകതകൾ | 1-14 |
| 29 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് | 1-14-1 |
| 30 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14-2 |
| 31 | പഞ്ചായത്തു വക ആംബുലൻസ് നടത്തിപ്പ് -അപാകതകൾ | 1-15 |
| 32 | ആർജിതാവധി സറണ്ടർ- സർവീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല | 1-16 |
| 33 | കോക്ലിയർ ഇംപ്ലാന്റേഷൻ - അനുബന്ധ ഉപകരണങ്ങൾക്ക് തുക അടവാക്കൽ -വിനിയോഗവിവരം ലഭ്യമല്ല | 1-17 |
| 34 | സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ | 1-18 |
| 35 | തനത് ഫണ്ട് വൗച്ചർ- അപാകതകൾ | 1-19 |
| 36 | പത്താം തരം പന്ത്രണ്ടാം തരം തുല്യതാ പരീക്ഷ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-20 |
| 37 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി- അധിക തുക അനുവദിച്ചത് സംബന്ധിച്ച് | 1-21 |
| 38 | തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 1-22 |
| 39 | ഓഡിറ്റ് ഇംപാക്ട് | 1-23 |
| 40 | ഹരിതകർമ്മസേന വാഹനവാടക - രേഖകൾ പൂർണ്ണമല്ല - 57400/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 41 | ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 42 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 1965326/-രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 43 | തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും- പ്രോജക്ടുകളുടെ ബാഹുല്യം-നിർവ്വഹണവും മോണിട്ടറിംഗും സാധ്യമാക്കുന്നില്ല | 1-27 |
| 44 | പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല | 1-28 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-29 |
| 46 | തൃക്കളത്തൂർ പബ്ലിക് ലൈബ്രറികെട്ടിടം - ഉപയോഗപ്രദമാക്കിയിട്ടില്ല | 1-30 |
| 47 | മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ - വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 48 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി | 1-32 |

| | | |
|---|---|---|
| | പൂർത്തിയായിട്ടില്ല. | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി- അധിക തുക അനുവദിച്ചത് സംബന്ധിച്ച് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പായിപ്ര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 3.7.2023 ലെ 1( 1)നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 3.08.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പായിപ്ര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 25.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട

അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11068562/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10134914/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്

1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.

1-1-7 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് നൽകുന്നതും എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ചെലവുകൾക്ക് തനത്ഫണ്ട് നൽകുന്നതുമുൾപ്പടെയുള്ളവ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

### 1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്

### 1-1-9 സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്റ്റിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹468836/- ജില്ല പഞ്ചായത്ത് വിഹിതം ₹22884/- എന്നിങ്ങനെ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്റ്റുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

### 1-1-10 നികുതി,നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ, ലൈസൻസ്. തൊഴിൽ നികുതി എന്നീ രജിസ്റ്ററുകളിൽ ഡിസിബി തയ്യാറാക്കിയിട്ടില്ല

### 1-1-11 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2022-23 വർഷം പഞ്ചായത്ത് ₹370,000/- കേരള വാട്ടർ അതോറിറ്റിയിലും ₹ 376519 ഇലക്ട്രിസിറ്റി ബോർഡിലും നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയിരുന്നു. ടി തുക Advance To Implementing Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയാണുണ്ടായത്. ഇപ്രകാരം ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതുകൊണ്ട് വിനിയോഗസാക്ഷ്യപത്രം ലഭിക്കാതിരുന്നിട്ടും ടി നിക്ഷേപ പ്രവൃത്തിയുടെ തുക B-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായും ഉൾപ്പെട്ടിട്ടില്ല.

### 1-1-12 സി എഫ് സി ബേസിക് ഗ്രാന്റ് ചെലവ് തുക എസി ആർ വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സി എഫ് സി ബേസിക് ഗ്രാന്റ് ചെലവ് തുക എ.സി.ആർ പ്രകാരം ₹5125923/- ആണ് എന്നാൽ വാർഷികകണക്കുകൾ പ്രകാരം(ഐ 6) ഇത് ₹5042237/- ആണ് ഇപ്രകാരം ചെലവ് തുകയിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്

### 1-1-13 ലൈഫ് മിഷൻ വായ്പ തുകയുടെ നീക്കിയിരിപ്പ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2022-23 വർഷം ജി.ഒ പ്രൊജക്റ്റ് വഴി ₹5666825/- പഞ്ചായത്ത് വായ്പ തിരിച്ചടവാക്കിയിട്ടുള്ളതാണ്. എന്നാൽ വാർഷിക കണക്കിൽ അടവാക്കിയ തുക ₹5667002/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം പഞ്ചായത്തിന്റെ ആസ്തി ബാധ്യത പത്രിക പ്രകാരമുള്ള വായ്പയുടെ നീക്കിയിരിപ്പ് തുക യഥാർത്ഥ വായ്പതുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 21.03.2022 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 23.02.2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 40,76,960.00 |
| വരവ് | 39,80,19,900.00 |
| ആകെ | 40,20,96,860.00 |
| ചെലവ് | 39,88,47,612.00 |
| നീക്കിയിരിപ്പ് | 3249248.00 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹21786261.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹ 87058457 |
| ആകെ | : | ₹ 108844718 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹ 75989895 |
| നീക്കിയിരുപ്പ് | : | ₹ 32854823 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22679640 | 22679640 | 20439034 | 0 | 2240606 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5816947 | 5816947 | 5763976 | 0 | 52971 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 71128 | 71128 | 61982 | 0 | 9146 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8433000 | 8433000 | 7681497 | 0 | 751503 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 19236000 | 19236000 | 16611528 | 0 | 2624472 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 278195 | 4764042 (4589000+ Interest(175042) | 5042237 | 5042237 | 0 | 0 |
| ധനകാര്യ കമ്മീഷൻ | 0 | 632334 | 632334 | 374232 | | 258102 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് (Tied-ട്രഷറി) | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 2424036 | 6883000 | 9307036 | 1613945 | 7693091 | |
| ഐസി ഡി എ സ് 320100196 | 1000 | 3016476 | 3017476 | 1801590 | 1215886 | |
| 320300199 ലൈഫ് മിഷൻ | 933768 | 4210759 | 5144527 | 4554360 | 590167 | |
| എം എൽ എ ഫണ്ട് 320200306 | 43584 | - | 43584 | - | 43584 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 1000,000 | - | 1000,000 | - | 1000,000 | |
| വിമുക്തി 320100190 | 35295 | - | 35295 | 0 | 35295 | |
| ടോട്ടൽ സാനിട്ടേഷൻ 320100181 | 2689728 | -- | 2689728 | 110000 | 2579728 | |
| എൻ പി ആർ പി ഡി 320100145 | 408398 | - | 408398 | - | 408398 | |
| ഹെൽത്ത് മിഷൻ 320100139 | 0 | 500000 | 500000 | --- | 500000 | |
| ഹെൽത്ത്ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനം 320100202 | 0 | 143186 | 143186 | - | 143186 | |
| ഹെൽത്ത്ഗ്രാന്റ് വെൽനെസ് സെന്റർ 320100202 | 0 | 110,033 | 110,033 | - | 110,033 | |
| സാക്ഷരത 320100197 | 3393 | 92 | 3485 | - | 3485 | |

| ഫണ്ടിനം | ACR പ്രകാരം ചെലവ് | ജി ഒ പ്രൊജക്ട് | I -6 പ്രകാരംചെലവ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20439034 | 6122556 | 26561590 |
| വികസന ഫണ്ട് എസ് സി പി) | 5763976 | 1180053 | 6944029 |
| വികസന ഫണ്ട് (ടി എസ് പി) | 61982 | 28616 | 90598 |

സി എഫ് സി ബേസിക് ഗ്രാന്റ് ചെലവ് തുക എസി ആർ വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 187499121 | 200 | 119715583 | 0 | 97 | 67.3% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 879884 | 879884 | 871884 | 8000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 54920439 | 54920439 | 54920439 | 0 |
| ആകെ | 0 | 55800323 | 55800323 | 55792323 | 8000 |

## 1-7 സാമൂഹ്യസുരക്ഷാ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 7307100 | 695 |
| 2 | വിധവാ പെൻഷൻ | 15612500 | 1514 |
| 3 | വാർധക്യകാല പെൻഷൻ | 37630500 | 3747 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 316800 | 35 |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 7439200 | 715 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2023 -ന് 2.45 P.M -ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹18001/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്യിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.12.2020 | 01.02. 2020 മുതൽ 31.12. 2020 വരെ | 25.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2022 മുതൽ 18.03.2022 വരെ | 01.04.2016 മുതൽ 28.02.2022 വരെ | 04.05.2022 |

## 1-11 തനതു ഫണ്ട് സമാഹരണം-പൊതു അവലോകനം

ബഹു ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനു സർക്കാർ നിർദ്ദേശമുണ്ട് (തദ്ദേശ സ്വയംഭരണ (എ.എ) നം.3/45/2022; 22.12.2022 ).

സ.ഉ.25/2023/തസ്വഭവ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് പായിപ്ര ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 19.9.2023 ലെ കമ്മറ്റിയിൽ അജണ്ട പരിഗണിക്കുന്നുണ്ട്.

നിലവിൽ പുതുക്കിയ നിരക്കിലല്ല സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി സ്വീകരിക്കുന്നത്.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടതും U.A എന്ന രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച യു.എ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ഉണ്ടെങ്കിലും അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 11.11.2022 തീയതിയിൽ നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ തീരുമാനം (2) ആയി വിവിധ ക്യാമ്പുകളിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന്

തീരുമാനിച്ചു.ആയതു പ്രകാരം 21.11.22 മുതൽ 6.12.2022 വരെയുള്ള തീയതികളിൽ വിവിധ വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനു വേണ്ടി 12.12.2022, 9.1.2023, 17.2.23, 14.3.23 തീയതികളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗം കൂടിയിട്ടുണ്ട്.

പഞ്ചായത്തിൽ ക്രമവൽക്കരണത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങളും തുടർനടപടിക്രമങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല.

IFTEA&OS വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാണ്. ആയതിൻ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ വിവരങ്ങളും, ലൈസൻസ് വരവ് മെച്ചപ്പെടുത്തുന്നതിനായെടുത്തിട്ടുള്ള കമ്മിറ്റി തീരുമാനങ്ങളും പരിശോധനക്കായി ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2017 ലെ ഭേദഗതി ചട്ടങ്ങൾക്കു വിധേയമായി കമ്മറ്റി തീരുമാനമെടുത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല. വിശദ വിവരം ഖണ്ഡികയായി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തു വക ആംബുലൻസിന്റെ വാടകയിനത്തിലുള്ള കളക്ഷൻ തുക രസീതു വച്ച് ഈടാക്കാത്തതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വാടകയിനത്തിലുള്ള വരവിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം പ്രത്യേകം ഖണ്ഡികയായി ചേർത്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി ഓരോ വാർഡിലേയും ട്രൈഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും യഥാസമയം ആയത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതു മൂലം വസ്തുനികുതി യിനത്തിലുള്ള വരവിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക നം. 1-14, 1-14-1 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മോബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക നം.1-14-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മുകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് പുതുക്കിയിട്ടുള്ളതാണ്. എന്നാൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തേയും) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | സി.വി.വി ട്രേഡിംഗ് കമ്പനി | 15 | 5/22-23 |
| 2 | സൺ പ്രൊഡക്ട്സ് | 5 | 10/22-23 |
| 3 | കൊച്ചിൻ പ്ലൈവുഡ്സ് | 28 | 12/22-23 |
| 4 | സഹാര അപ്പാരൽസ് | 5 | 13/22-23 |

| | | | |
|---|---|---|---|
| 5 | എ. സി.എ പോളിമേഴ്സ് | 9 | 15/22-23 |
| 6 | ദ്രോണി | 50(തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 16 പേരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്) | 16/22-23 |
| 7 | വെളിയത്തുകടിയിൽ ടിമ്പേഴ്സ് | 5 | 20/22-23 |
| 8 | ചാട്ടായിൽ ഫുഡ്സ് | 10(തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 5 പേരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്) | 21/22-23 |
| 9 | അറ്റ്ലസ് സ്റ്റീൽസ് | 6 | 22/22-23 |
| 10 | സബൈൻ ഹോസ്പിറ്റൽ ക്യാന്റീൻ | 5 | 29/22-23 |
| 11 | ഗ്രീൻസോൺ ഇന്റസ്ട്രീസ് | 19 | 30/22-23 |
| 12 | മാനാറി മെറ്റൽ സാന്റ് | 5 | 39/22-23 |
| 13 | മരങ്ങാട്ട് പ്ലൈവുഡ്സ് | 10 | 40/22-23 |
| 14 | ഗ്രീൻ ഫീൽഡ് പ്ലൈവുഡ്സ് | 18 | 48/22-23 |
| 15 | പോപ്പുലർ മോട്ടോർ കോഓപ്പറേഷൻ | 18 | 52/22-23 |
| 16 | മരങ്ങാട്ട് ക്യാഷ്യൂസ് | 5 | 85/22-23 |
| 17 | പി.എസ് നാസർ/പ്ലൈവുഡ് നിർമ്മാണം | 20 | 91/22-23 |
| 18 | മാതാ ടിമ്പർ ഇന്റസ്ട്രീസ് | 9 | 106/22-23 |
| 19 | സഫീർ സി.എസ്/അളവുതൂക്ക ഉപകരണങ്ങൾ, ഹാർഡ് വെയർ ടൂൾസ് എന്നിവയുടെ വിൽപ്പന | 8 | 109/22-23 |
| 20 | പെബ്സൺ ഇന്റസ്ട്രീസ് | 12 | 143/22-23 |
| 21 | പോപ്പുലർ മോട്ടോർ കോഓപ്പറേഷൻ | 18 | 52/22-23 |

2) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | ഇമെൽറ്റ് ഇൻട്രൂഷൻസ് പ്രൈ.ലിമിറ്റഡ് | 13 | രണ്ടാം അർദ്ധവർഷം |
| 2 | ബെസ്റ്റ് വുഡ് പ്രോഡക്ട്സ്, പായിപ്ര | 10 | രണ്ടാം അർദ്ധവർഷം |
| 3 | ഗ്രാന്റ് വുഡ് പ്രോഡക്ട്സ്, പായിപ്ര | 10 | രണ്ടാം അർദ്ധവർഷം |
| 4 | ഇൻസ്റ്റാകാർട്ട് സർവീസസ് പ്രൈ.ലിമിറ്റഡ് | 2 | രണ്ടാം അർദ്ധവർഷം |
| 5 | എസ്.ബി.എെ പായിപ്ര | 9 | രണ്ടാം അർദ്ധവർഷം |
| 6 | അൽറീൻ റെസ്റ്റോറന്റ് | 10 | രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 7 | റിലയൻസ് റീടൈൽ ലിമിറ്റഡ് | 11 | ഒന്ന്, രണ്ട് അർദ്ധവർഷം |
| 8 | ജിയോ പോയിന്റ് സ്റ്റോർ | 2 | രണ്ടാം അർദ്ധവർഷം |
| 9 | ഇലാഹിയ പോളിടെക്നിക് കോളേജ് | 50 | രണ്ടാം അർദ്ധവർഷം |
| 10 | തോട്ടത്തിൽ ഇന്റസ്ട്രീസ് | 10 | രണ്ടാം അർദ്ധവർഷം |
| 11 | ഇ.വി.എം മോട്ടോഴ്സ് | 10 | രണ്ടാം അർദ്ധവർഷം |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം7/13.9.2023,14/14.9.2023)മറുപടി ലഭ്യമായിട്ടില്ല. മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-12-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ് ,ലിമിറ്റഡ് കക്കടാശ്ശേരി ബ്രാഞ്ച് | രണ്ടാം അർദ്ധവർഷം |
| 2 | പായിപ്ര അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോഓപ്പറേറ്റീവ് സോസൈറ്റി | രണ്ടാം അർദ്ധവർഷം |
| 3 | ഇമെൽറ്റ് എന്റ്രൂഷൻസ് പ്രൈ. ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 4 | പേഴക്കാപ്പിള്ളി വനിതാ കോഓപ്പറേറ്റീവ് സോസൈറ്റി | രണ്ടാം അർദ്ധവർഷം |
| 5 | പേഴക്കാപ്പിള്ളി റൂറൽ കോഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 6 | പായിപ്ര ഗ്രാമീൺ കോഓപ്പറേറ്റീവ് സോസൈറ്റി | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 7 | പായിപ്ര സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 8 | തോട്ടത്തിൽ ഇന്റസ്ട്രീസ് | രണ്ടാം അർദ്ധവർഷം |
| 9 | പൂത്തനാൽ ഇന്റസ്ട്രീസ് | രണ്ടാം അർദ്ധവർഷം |
| 10 | ദ്രോണി (പഞ്ചകർമ്മ) | രണ്ടാം അർദ്ധവർഷം |
| 11 | അർബൻ കോഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 12 | പോപ്പുലർ മോട്ടോർ വേൾഡ് | ഒന്നാം അർദ്ധവർഷം |
| 13 | എസ്.വി ഓട്ടോമോബൈൽസ് | ഒന്നാം അർദ്ധവർഷം |
| 14 | ജിയോ പോയിന്റ് സ്റ്റോർ | ഒന്നാം അർദ്ധവർഷം |
| 15 | എപ്പീസ് പ്ലൈവുഡ് ,പേഴക്കാപ്പിള്ളി | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/13.9.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ്-അപാകതകൾ

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ റിപ്പോർട്ട് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ച് ഫീസീടാക്കാത്തതിനാൽ ലൈസൻസ് ഫീസിനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ലൈസൻസ് നം. | മൂലധന നിക്ഷേപം / ഉൾപ്പെടുന്ന മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് /രസീത് നം. | ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സാജു കെ. തോമസ്/പോപ്പുലർ മോട്ടോർ വേൾഡ്, മൂവാറ്റുപുഴ 80/2022-23 | 220 ലക്ഷം രൂപ /മീഡിയം എന്റർപ്രൈസസ്, സേവന മേഖല | ₹6000 121010500225/ 14.3.2022 | ₹ 10000 | ₹4000 |
| 2 | റിലയൻസ് റീട്ടയിൽ ലിമിറ്റഡ് പെരുമറ്റം/609 /2022-23 | 60ലക്ഷം രൂപ /സ്മോൾ എന്റർപ്രൈസസ്, സേവന മേഖല | ₹2000 1220501727/ 31.12.2022 | ₹ 5000 | ₹3000 |

2) താഴെ കൊടുത്തിരിക്കുന്ന മൂലധന നിക്ഷേപത്തിൽ വളരെ വലിയ വ്യത്യാസമുള്ള നിർമ്മാണ മേഖലയിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകദേശം ഒരേ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ലൈസൻസ് നം. | മൂലധന നിക്ഷേപം /ഉൾപ്പെടുന്ന മേഖല | ഈടാക്കിയലൈസൻസ് ഫീസ് |
|---|---|---|---|
| 1 | ജോഫി ജോയി എ.സി.എ പോളിമേഴ്സ് 15/2022-23 | 47.2ലക്ഷം രൂപ /നിർമ്മാണ മേഖല | ₹ 11300 |
| 2 | കെ.എം സുലൈമാൻ /ഗ്രീൻ ഫീൽഡ് പ്ലൈവുഡ്സ് 48/22-23 | 74.97ലക്ഷം രൂപ നിർമ്മാണ മേഖല | ₹10000 |

ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനും ക്രമ നം.1 ലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനും ക്രമ നം.2 ലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.8/13.9.2023,13/14.9.2023) ലഭ്യമായ മറുപടിയിൽ 31.3.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചതിൽ ഉദ്പാദന മേഖല, സേവന മേഖല എന്നിങ്ങനെ തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി നിശ്ചയിച്ചിരിക്കുന്ന റേറ്റിൽ ഉത്തരവ് നിലവിൽ വന്നതിനു ശേഷം ലൈസൻസ് നൽകിയിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഓരോ വിഭാഗത്തിലേയും ഉയർന്ന റേറ്റാണ് ഈടാക്കി വരുന്നതെന്നും എന്നാൽ ഉത്തരവിനു മുൻപ് ലൈസൻസ് ഫീസ് നിശ്ചയിച്ച് പുതുക്കി വരുന്ന ലൈസൻസുകാർക്ക് റേറ്റ് പ്രസ്തുത പരിധിയിൽ അധികമാണെങ്കിൽ കുറവ് വരുത്തിയിട്ടില്ല എന്നും അപ്രകാരം കുറവ് വരുത്തുന്നത് പഞ്ചായത്തിന് ഗണ്യമായ നഷ്ടം വരുത്തുമെന്നതിനാലാണ് ഫീസ് പുതുക്കി വരുന്ന റേറ്റിൽ തന്നെ എടുത്തു പോയത് എന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ പറഞ്ഞതുപോലെ ഉത്തരവ് നിലവിൽ വന്നതിനു ശേഷം ലൈസൻസ് നൽകിയിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഓരോ വിഭാഗത്തിലേയും ഉയർന്ന റേറ്റ് ചില സ്ഥാപനങ്ങൾക്കു മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നിന്നും ക്രമ നം.1 ൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ, സബൈൻ ഹോസ്പിറ്റൽ, പേഴക്കാപ്പിള്ളി എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് അതാതു വിഭാഗത്തിലെ ഉയർന്ന നിരക്കിലല്ല.

ക്രമ നം. 2 ൽ പരാമർശിച്ചതുപോലെ മൂലധന നിക്ഷേപത്തിൽ വളരെ വലിയ വ്യത്യാസമുള്ള നിർമ്മാണ മേഖലയിൽ പ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകദേശം ഒരേ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു. ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരിക്കുന്നത്. ഇത് അംഗീകരിക്കാവുന്നതല്ല.

ക്രമ നം.1 ലെ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക

ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് 2017 ലെ ഭേദഗതി ചട്ടങ്ങൾക്ക് വിധേയമായി തന്നെ കമ്മറ്റി തീരുമാനം എടുത്ത് ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

## 1-14 വസ്തു നികുതി- അപാകതകൾ

വസ്തു നികുതി രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് 60/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയയിൽ മേൽ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്രമീറ്ററിന് 30 രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ /കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് 60 രൂപ നിരക്കിൽ) | ഈ ടാക്കിയ വസ്തു നികുതി(ച.മീറ്ററിന് 30രൂപ നിരക്കിൽ) | ഈടാക്കിയതിൽ കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കൊച്ചുപിള്ള ,വെഴിയത്തു കുടിയിൽ 11/373A | 110(ച.മീ) | 110*60= 6600+1320 7920+396=8316 (20%വർദ്ധനവ് , ലൈബ്രറി സെസ്-5% ഉൾപ്പെടെ ) | 110*30=3300 3300+660=3960 3960+198=4158 (20%വർദ്ധനവ് , ലൈബ്രറി സെസ്-5% ഉൾപ്പെടെ ) | 4158/- | 2012-13 മുതൽ ഈടാക്കേണ്ടതാണ് |
| 2 | ബിജു ചീരൻ ജോർജ് 20/265B | 184(ച.മീ) | 184*60=11040 11040-3312=7728 7728+386=8114 (30%ഇളവ്, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 184*30=5520 5520-1656=3864 3864+193=4057 (30%ഇളവ്, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 4057/- | 2018-19 മുതൽ മുതൽ ഈടാക്കേണ്ടതാണ് |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/13.9.2023) ലഭ്യമായ മറുപടിയിൽ കുറവ് തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്ന് പറയുന്നു. ക്രമ നം.1, 2 ലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. സഞ്ചയയിലും ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം -6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

### 1-14-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ്

1) വസ്തു നികുതി രജിസ്റ്റർ പ്രകാരം ഷെമീർ & റെഷിമോൾ ഫിദാർ തട്ടുപറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാർഡ് -8ൽ ഉൾപ്പെടുന്ന സർവേ നം.986/2-7, 986/2-8 എന്നീ സർവേ നമ്പറുകളിൽപ്പെടുന്ന 5.39 ആർ സ്ഥലത്ത് ആകെ 681.01 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള ബഹു നില കെട്ടിടത്തിലെ നിർമ്മാണം പൂർത്തീകരിച്ച 231.64 ച.മീ വിസ്തീർണ്ണമുള്ള ഒന്നാം നിലയിലുള്ള ഷോപ്പുകൾക്ക് നമ്പർ അനുവദിക്കുന്നതിനാണ് A5-192/10.1.2022ാം നമ്പറായി ഉടമസ്ഥൻ അപേക്ഷ സമർച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കെട്ടിടത്തിലെ താഴത്തെ നിലക്ക് മുൻപേ നമ്പർ അനുവദിച്ചിട്ടുള്ളതായി അപേക്ഷയിൽ പറയുന്നുണ്ട്. അംഗീകൃത പ്ലാൻ പ്രകാരം ഒന്നാം നിലയിൽ ആകെ 231.64 ച.മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പുകളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ചു പ്രകാരം ഒന്നാം നിലയിലുള്ള 13/455 D,E,F ാംനമ്പറുകൾ നൽകിയിട്ടുള്ള ഷോപ്പുകളുടെ ആകെ വിസ്തീർണ്ണം 67.35 ച.മീ

ആണ്. (13/455 D-22.45ച.മീ, 13/455E-22.45ച.മീ, 13/455F-22.45 ച.മീ). അതായത് മേൽ കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള ഷോപ്പുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ 164.29 ച.മീ വിസ്തീർണ്ണത്തിന്റെ കുറവുണ്ട്.

മേൽ ഷോപ്പുകളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/18.9.2023) മറുപടി ലഭ്യമായിട്ടില്ല. കുറവായി ഈടാക്കിയ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം-6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2) വസ്തു നികുതി രജിസ്റ്റർ പ്രകാരം നാസർ പി.എം പെരുമറ്റം എന്ന വ്യക്തിയുടെ പേരിലുള്ള 9/590 A മുതൽ G വരെ നമ്പറുള്ള വാണിജ്യാവശ്യത്തിനുള്ള റിലയൻസ് റീട്ടയിൽ ലിമിറ്റഡ് സൂപ്പർമാർക്കറ്റിന് ആകെ 398.96 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ലൈസൻസ് രജിസ്റ്റർ പ്രകാരം (നം.609/22-23) 22-23 സാമ്പത്തിക വർഷത്തേക്ക് സൂപ്പർമാർക്കററ് ആവശ്യത്തിലേക്കായി ടി സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തെ 200 ച.മീറ്ററിന് മുകളിലുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് 80/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയയിൽ മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തി 2020 മുതൽ ചതുരശ്രമീറ്ററിന് 60/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് 80 രൂപ നിരക്കിൽ) (20%വർദ്ധനവ് , ലൈബ്രറി സെസ്-5% ഉൾപ്പെടെ ) | ഈ ടാക്കിയ വസ്തു നികുതി(ച.മീറ്ററിന് 60 രൂപ നിരക്കിൽ) (20%വർദ്ധനവ്, ലൈബ്രറി സെസ്-5% ഉൾപ്പെടെ ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 9/590A മുതൽ G വരെ | 398.96 (ച.മീ) | 398.96*80=31917<br>31917+6383=38300<br>38300+1915=40215 | 398.96*60=23938<br>23938+4788=28726<br>28726+1436=30162 | 10053/- |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/14.9.2023) ലഭ്യമായ മറുപടിയിൽ പ്ലാനിൽ ഷോപ്പ് എന്നാണ് രേഖപ്പെടുത്തിയതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞനിരക്കിൽ വസ്തുനികുതി ഈടാക്കിയതെന്നുമാണ് പറഞ്ഞിരിക്കുന്നത്. മറുപടി അംഗീകരിക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 4,5 പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിലോ ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാലോ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് വേറെ വേറെ കെട്ടിട നമ്പർ നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന നമ്പറുകളിലുള്ള കെട്ടിടം ഒരാളുടെ ഉടമസ്ഥതയിലുള്ളതും ലൈസൻസ് അനുവദിച്ചിരിക്കുന്നതു പ്രകാരം സൂപ്പർമാർക്കറ്റ് ആവശ്യത്തിനായി ഉപയോഗിക്കുന്നതുമാണ്. ആയതിനാൽ മേൽ കെട്ടിടത്തിന്റെ വസ്തു നികുതിപുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ ഫോം-6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14-2 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | മൊബൈൽ ടവറിന്റെ പേര്/നം | ഈടാക്കാത്ത കാലയളവ് /തുക |
|---|---|---|
| 1 | ബി.എസ്.എൽ.എൽ/1/18 | 2013 Ist Half-2022 2nd Half വരെ /105000 |
| 2 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് /12/363 | 2022 Ist Half- 2022 2nd Half വരെ/8642 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/16.9.2023) മറുപടി ലഭ്യമായിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1-15 പഞ്ചായത്തു വക ആംബുലൻസ് നടത്തിപ്പ് -അപാകതകൾ

പഞ്ചായത്തു വക ആംബുലൻസിന്റെ വാടകയിനത്തിലുള്ള വരവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം RP-5 Sale & Hire Charges (R) ഷെഡ്യൂളിൽ 150400101 – Hire Charges Of Ambulance ഹെഡിൽ ₹82180/- രൂപ വരവുണ്ട്. വാഹനത്തിന്റെ (നം.KL 41 G 3555) ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും 30.3.2023 വരെ 53007 കിലോമീറ്ററും 4.4.2022 വരെ 38949 കി. മീറ്ററും വാഹനം ഓടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് 2022-23 സാമ്പത്തിക വർഷത്തിൽ ഏകദേശം 14058 കിലോമീറ്റർ വാഹനം വിവിധ ആവശ്യങ്ങൾക്കായി ഓടിയിട്ടുണ്ട്. ആംബുലൻസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്കിൽ വാഹനത്തിൽ ഇന്ധനം നിറച്ച വിവരങ്ങൾ (ഇന്ധനത്തിന്റെ അളവ്, തുക, ബിൽ നമ്പർ, ഇന്ധനം നിറച്ച തീയതി) എന്നിവ എഴുതിത്തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) Hire Charges Of Ambulance ന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ തീയതികളിൽ വാഹനം ഓടിയതു പ്രകാരം ലഭിച്ച വാടകയിനത്തിലുള്ള തുക അടവാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും ലെഡ്ജർ പ്രകാരം രേഖപ്പെടുത്തിയ തീയതികൾ കൂടാതെ മറ്റ് ഒട്ടനവധി ദിവസങ്ങളിലും വാഹനം ഓടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ആ ദിവസങ്ങളിലെ വരവുകളൊന്നും പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടില്ല. ഉദാ: 2022 മെയ് മാസത്തിൽ 3.5.2022, 8.5.22, 9.5.2022, 10.5.2022, 13.5.2022, 14.5.2022, 15.5.2022, 18.5.2022, 21.5.2022, 31.5.2022 എന്നീ ദിവസങ്ങളിൽ ലോഗ് ബുക്ക് പ്രകാരം വാഹനം വിവിധ ആവശ്യങ്ങൾക്കായി ഓടിയിട്ടുണ്ട്. എന്നാൽ ലെഡ്ജർ പ്രകാരം 19.5.2022, 24.5.2022, 25.5.2022 എന്നീ ദിവസങ്ങളിലെ വരവു തുകയായ ₹4450/- മാത്രമാണ് പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടുള്ളത്.

3) വാഹനത്തിന്റെ വാടക നിരക്ക് സംബന്ധിച്ച കമ്മറ്റി തീരുമാനം പരിശോധനക്കായി ലഭ്യമായിട്ടില്ല. കിലോ മീറ്ററിന് 15 രൂപ നിരക്കിലാണ് വാഹനം ഓടുന്നതെന്ന് (വാക്കാൽ പറഞ്ഞതനുസരിച്ച്) അറിയുവൻ സാധിച്ചു. ലോഗ് ബുക്ക് പ്രകാരം 2022-23 കാലയളവിൽ ഏകദേശം 14058 കിലോമീറ്റർ വാഹനം ഓടിയിട്ടുണ്ട്. ₹15/- വാടക നിരക്കിൽ ₹210870/- വരവ് ലഭിക്കേണ്ടതാണ്. എന്നാൽ 2022-23 കാലയളവിലെ ആകെ വരവ് ലെഡ്ജർ പ്രകാരം ₹82180/- യാണ്. വരവിനത്തിലെ തുകകളിലുള്ള ഭീമമായ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4) വാഹനം ഓടിയതു പ്രകാരമുള്ള കളക്ഷൻ തുക അതാതു ദിവസം തന്നെ പഞ്ചായത്തു ഫണ്ടിൽ അടവാക്കുന്നില്ല. 8.2.2022, 7.2.2022, 19.3.2022, 10.4.2022, 13.4.2022, 15.4.2022, 21.4.2022, 3.6.2022, 4.6.2022, 16.6.2022 എന്നീ തീയതികളിലെ കളക്ഷൻ തുകയായ ₹10185 /- 24.6.2022 തീയതിയിൽ മാത്രമാണ് പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. വാടകയിനത്തിലുള്ള തുക പഞ്ചായത്തു ഫണ്ടിൽ

അടവാക്കുന്നതിന് വളരെ കാലതാമസം വരുത്തുന്നു

5) വാഹനം ഓടിയതിന്റെ വാടകതുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് രസീത് ബുക്ക് സൂക്ഷിക്കുകയോ കളക്ട് ചെയ്യുന്ന തുകക്ക് പാർട്ടിക്ക് രസീത് നൽകുകയോ കളക്ഷൻ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ വിവിധ തീയതികളിൽ കളക്ട് ചെയ്യുന്ന തുകകളുടെ കൃത്യത പഞ്ചായത്തു ഫണ്ടിൽ അടവാക്കുന്ന തുകയുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിക്കുന്നില്ല.

6) ആംബുലൻസ് ഡ്രൈവർക്ക് വേതനം നൽകുന്ന ഇനത്തിൽ (730/- രൂപ വെച്ച് ഒരു ദിവസം) ഒരു വർഷം ഏകദേശം ₹219000/-യോളം (ലെഡ്ജർ പ്രകാരം) ചെലവു വരുന്നുണ്ട്. ഇന്ധനചെലവ് ₹135353/- (ലെഡ്ജർ പ്രകാരം), കൂടാതെ വണ്ടി മെയിന്റനൻസ് ചെലവുകളും വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ലഭിച്ച വരവു തുകയായ ₹82180/-യേക്കാൾ എത്രയോ ഭീമമായ തുക വാഹനവുമായി ബന്ധപ്പെട്ട് ചെലവു വരുന്നുണ്ട്. ഇപ്രകാരം ആംബുലൻസുമായി ബന്ധപ്പെട്ട് വലിയ സാമ്പത്തിക നഷ്ടം പഞ്ചായത്തിനു സംഭവിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/16.9.2023) മറുപടി ലഭ്യമായിട്ടില്ല. ആംബുലൻസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ഗ്രാമപഞ്ചായത്ത് അധികാരികൾ വളരെ ലാഘവത്തോടെ കാണുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ആംബുലൻസുമായി ബന്ധപ്പെട്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ വിഷയം പഞ്ചായത്ത് ഭരണസമിതി ഗൗരവപൂർവം ചർച്ച ചെയ്ത് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കമ്മറ്റി തീരുമാനം എടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 ആർജിതാവധി സറണ്ടർ- സർവീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ, പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റിന് 30 ദിവസവും (വൗച്ചർ നം 1475 Dt31-3-2023, ₹30995/-) പ്രോജക്ട് അസിസ്റ്റന്റിനും 15 ദിവസവും (വൗച്ചർ നം 1472 Dt31-3-2023, ₹11145/-) 2022-23 വർഷം ആർജിതാവധി സറണ്ടർ അനുവദിച്ചതായി കാണുന്നു. ആർജിതാവധി സറണ്ടർ അനുവദിച്ചതുമായി ബന്ധപ്പെട്ട് മേൽ ജീവനക്കാരുടെ സർവീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 18-9-23 ലെ ഓഡിറ്റ് എൻക്വയറി നം 30 ന് മറുപടി ലഭ്യമാക്കിയില്ല. സർവീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 കോക്ലിയർ ഇംപ്ലാന്റേഷൻ - അനുബന്ധ ഉപകരണങ്ങൾക്ക് തുക അടവാക്കൽ -വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 216/23<br>കോക്ലിയർ ഇംപ്ലാന്റേഷൻ – അനുബന്ധ ഉപകരണങ്ങൾക്ക് തുക അടവാക്കൽ. |
| അടങ്കൽ | 200000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | 200000/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം. | ACR Bill No. 143/26-10-2022, 150000/-<br>ACR Bill No. 212/12-12-2022, 50000/- |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി നാലുകുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി 2 ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയതായി കാണുന്നു. ഈ കുട്ടികളുടെ അപേക്ഷകളോ കോക്ലിയർ ഇംപ്ലാന്റ് ചെയ്തതിട്ടുള്ളതിന്റെ വിശദാംശങ്ങളോ, കോക്ലിയർ ഇംപ്ലാന്റിന്റെ റിപ്പയറിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തുന്ന രേഖകളോ ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക്

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16.9.23 ലെ എൻക്വയറി നം 27ന് മറുപടി ലഭ്യമാക്കിയില്ല. നാല് കുട്ടികളുടെ അപേക്ഷകളും അനുബന്ധ രേഖകളും സഹിതം ഇവർക്ക് കോക്ലിയർ ഇംപ്ലാന്റിന്റെ മെയ്ന്റനൻസ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ ₹2,00,000/- തടസ്സപ്പെടുത്തുന്നു.

1-18 സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ

1. പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെത്തുടർന്ന് പെൻഷൻവിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ (എം എസ്) നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, പെൻഷൻ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | വാസു കെ എസ് 107070202701 | 11.7.2022 വാർധക്യ പെൻഷൻ | 9/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല |
| 2 | ഖദീജ 107070200511 | 29.8.2022, വാർധക്യ പെൻഷൻ | 8/2022 വരെ ബാങ്കിന് കൈമാറി | വളരെ വൈകി മാത്രം പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. (3-6-23 ) |
| 3 | രവി കൃഷ്ണൻ 107070203476 | 3.9.2022 വാർധക്യ പെൻഷൻ | 8/2022 വരെ ബാങ്കിന് കൈമാറി | വളരെ വൈകി മാത്രം പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. (3-6-23 ) |
| 4 | രാധ ആർ 107070200289 | 15.10.2022 വാർധക്യ പെൻഷൻ | 8/2022 വരെ ബാങ്കിന് കൈമാറി | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 5 | മൈതീൻ മീരാവു 107070200686 | 9.10.2022 | 12/2022 വരെ ബാങ്കിന് കൈമാറി | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 6 | സുഹറ അബ്ദുൾഖാദർ | 8.12.2020 വാർധക്യ | 11/2021 വരെ ബാങ്കിന് | മരണ ശേഷം നൽകിയ തുക |

| | | | | |
|---|---|---|---|---|
| | 107070201238 | പെൻഷൻ | കൈമാറി | തിരികെ ഈടാക്കിയില്ല. |

ക്രമ നം 2, 3 എന്നിവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് വൈകിയതിനുള്ള വിശദീകരണം, ക്രമ നം 1, 4 എന്നിവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി, ക്രമ നം 1, 5, 6 എന്നിവരുടെ മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം മരണമടഞ്ഞവരിൽ വളരെ കുറച്ചുപേരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്. ഇത്തരം അപാകതകൾ ഇനിയും ഉണ്ടാകാമെന്നതിനാൽ കൃത്യമായ പരിശോധന നടത്തേണ്ടതും 2022-23 വർഷം മരണപ്പെട്ട എല്ലാവരുടെയും പെൻഷൻ വിവരങ്ങൾ പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യുന്നതിനു സ്വീകരിച്ച നടപടി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതുമാണ്.

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൌണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ് എങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള ഫയൽ പരിശോധിച്ചതിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി ബന്ധുക്കൾ നൽകുന്ന അപേക്ഷ പ്രകാരം നടപടി സ്വീകരിക്കുന്നതായി കാണുന്നു എങ്കിലും ഗ്രാമപഞ്ചാത്തിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളെ ആസ്പദമാക്കി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ് എങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിനായി മരണ രജിസ്ട്രേഷൻ സെക്ഷൻ പെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന മറ്റ് തദ്ദേശസ്ഥാപനങ്ങളിലുള്ളവരുടെ വിവരങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലുള്ള ആശുപത്രികളിൽ മരണപ്പെടുന്ന മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ളവരുടെ വിവരങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാകാത്തതുമൂലം അവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ടു ചെയ്ത മറ്റു തദ്ദേശസ്ഥാപനങ്ങളിൽപ്പെട്ട എല്ലാവരുടേയും വിവരങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് സമയബന്ധിതമായി അറിയിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വിശദാംശങ്ങൾ

അറിയിക്കേണ്ടതാണ്.

5. മരണം രജിസ്ട്രേഷൻ നടപടി ഫയലിനോടൊപ്പം ആധാർ നമ്പർ സൂക്ഷിക്കുകയോ, ക്ഷേമ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നില്ല. മരണം രജിസ്ട്രേഷനോടൊപ്പം ആധാർ നം ലഭ്യമാകാത്ത സന്ദർഭങ്ങളിൽ മരണപ്പെട്ട ആൾ ക്ഷേമ പെൻഷണർ ആണോ എന്ന് പ്രത്യേകം പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-9-23 ലെ ഓഡിറ്റ് എൻക്വയറി നം. 19 ന് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

1-19 തനത് ഫണ്ട് വൗച്ചർ- അപാകതകൾ

1. ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വൗച്ചറുകളുടെ എണ്ണവും പെയ്മെന്റ് ഓർഡർ ലിസ്റ്റ് പ്രകാരമുള്ള വൗച്ചറുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പെയ്മെന്റ് ഓർഡർ ലിസ്റ്റ് പ്രകാരം ആകെ 1514 വൗച്ചറുകൾക്ക് ചെലവുണ്ട് എങ്കിലും ബിൽ രജിസ്റ്ററിൽ ആകെ 1476 വൗച്ചറുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതും ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത വൗച്ചറുകളും രേഖകളും ബിൽ രജിസ്റ്റർ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

2. തൻവർഷം ക്യാൻസൽ ചെയ്ത പെയ്മെന്റ് ഓർഡറുകളുടെയും ക്യാൻസൽ ചെയ്ത വൗച്ചറുകളുടെയും ലിസ്റ്റുകൾ ഇവ ക്യാൻസൽ ചെയ്യുന്നതിനുള്ള കാരണം സഹിതം ലഭ്യമാക്കേണ്ടതാണ്.

3. ലഭ്യമാക്കിയ വൗച്ചറുകളുടൊപ്പം സാംഖ്യാ പ്രിന്റുകൾ ലഭ്യമാക്കിയില്ല. ചെലവുകൾ സാധൂകരിക്കുന്ന എല്ലാരേഖകളുടേയും ഹാർഡ് കോപ്പികൾ വൗച്ചറുകളുടെ കൂടെ സൂക്ഷിച്ചിട്ടില്ല.

4. ബിൽ രജിസ്റ്ററിൽ വൗച്ചറുകളുടെ ക്രമപ്രകാരമുള്ള നമ്പർ അനുസരിച്ചല്ല ചെലവ് രേഖപ്പെടുത്തുന്നത്. വൗച്ചർ തീയതിയും ചെക്ക് തീയതി/ പെയ്മെന്റ് തീയതിയും തമ്മിൽ വ്യത്യാസം കാണുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-9-23 ലെ എൻക്വയറി നം 20-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-20 പത്താം തരം പന്ത്രണ്ടാം തരം തുല്യതാ പരീക്ഷ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. എൽ പി സ്കൂൾ |
| പ്രൊജക്റ്റ് നമ്പർ/പേര് | 230/23<br>പത്താം തരം പന്ത്രണ്ടാം തരം/തുല്യതാ പരീക്ഷ |
| അടങ്കൽ | ₹85000/- തനത് ഫണ്ട് |
| ചെലവ് | ₹74700/ – തനത് ഫണ്ട് |
| ബിൽ/വൗച്ചർ നം | വൗച്ചർ നം 222000568<br>Dt 15-9-22, ₹74700/- |

മേൽ പദ്ധതി പ്രകാരം പത്താം തരം തുല്യതാ കോഴ്സിന് പത്ത് പേർക്ക് ₹1750/- നിരക്കിൽ ₹17500/-, പ്ലസ് 1 തുല്യതാ കോഴ്സിന് 12 പേർക്ക് 2200/-, നിരക്കിൽ ₹26400/-, പ്ലസ് 2 തുല്യതാ കോഴ്സിന് 14 പേർക്ക് ₹2200/-നിരക്കിൽ ₹30800/- എന്നിങ്ങനെ ആകെ ₹74700/- Kerala State Literacy Mission ന് കൈമാറിയിട്ടുണ്ട്. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 15-9-23 ലെ ഓഡിറ്റ് എൻക്വയറി നം 16 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നറിയിച്ചു. പഠിതാക്കൾ പരീക്ഷ

എഴുതിയതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ ₹74700/- തടസ്സപ്പെടുത്തുന്നു.

1-21 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി- അധിക തുക അനുവദിച്ചത് സംബന്ധിച്ച്

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി പ്രകാരം സ്കൂളിന് പരമാവധി അനുവദനീയമായ തുകയേക്കാൾ അധിക തുക നൽകി. വിശദാംശങ്ങൾ ഖണ്ഡിക 3-1-ൽ ചേർത്തിട്ടുണ്ട്.

1-22 തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

1. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം മെറ്റീരിയലും സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകളും സപ്ലൈ ചെയ്യുന്നതിനായി 2022-23 വർഷം ആകെ ₹174.41 ലക്ഷം ആണ് ചെലവായിട്ടുള്ളത്. തോഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് കരാർ തുക രണ്ടരലക്ഷത്തിൽ അധികരിക്കുന്ന കരാറുകളിൽ നിയമപ്രകാരമുള്ള ജി എസ് ടി - ടി ഡി എസ് കറവു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല. ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം താഴെ ചേർത്ത പദ്ധതികൾക്കായി 2022-23 വർഷം മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് തുക നൽകിയെങ്കിലും 2022-23 വർഷം ജി എസ് ടി - ടി ഡി എസ് കറവു ചെയ്തില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര് | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| 1 | മില്ലും പടി മണലിക്കുടിത്താഴം റോഡ് കോൺക്രീറ്റിങ്ങ് | ദിലീപ് | 279893 |
| 2 | ചെറുകുന്നേൽ പ്രിയദർശിനി ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് | ഷാജി കെ കെ | 324391 |
| 3 | കുന്നേൽ റോഡ് സൈഡ് കെട്ട് | ,, | 352160 |
| 4 | കുന്നപ്പിള്ള്ത്താഴം റേഡ് കോൺക്രീറ്റിങ്ങ് | ,, | 396496 |
| 5 | കാട്ടുമുഗൾ ട്രാന്സ്ഫോർമർ തരിശ് റോഡ് കോൺക്രീറ്റിങ്ങ് | ,, | 296540 |
| 6 | പുളിഞ്ചിത്തോട് പാർശ്വഭിത്തി നിർമ്മാണം | ,, | 356116 |
| 7 | വാളകം കനാൽ സ്ലയിസ് പാർശ്വഭിത്തി നിർമ്മാണം | ,, | 275157 |
| 8 | വാളകം കനാൽ സ്ലയിസ് നിർമ്മാണം | ,, | 347023 |
| 9 | വാളകം കനാൽ സ്ലയിസ് നിർമ്മാണം | ,, | 346604 |
| 10 | കാഴിക്കോട് പാടം തോട് സൈഡ്കെട്ട് | ,, | 349997 |
| 11 | കുന്നോപ്പടി മുടവൂർ റോഡ് നിർമ്മാണം | ,, | 300559 |
| 12 | കുരിശുംപടി ചാരപ്പാട്ട് ലിങ്ക് റോഡ് | ഹിലാർ വി എം | 403422 |
| 13 | ഓറിയന്റൽ കനാൽബണ്ട് ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് | ,, | 383553 |
| 14 | ദസ് വുകി ജുമാമസ്ജിദ് സംരക്ഷണ ഭിത്തി നിർമ്മാണം(RC/340658) | ,, | 351237 |
| 15 | വായനശാലപ്പടി റോഡ് കോൺക്രീറ്റിങ്ങ് | ,, | 389519 |
| 16 | പഞ്ചായത്ത് ഓഫീസ് റോഡ് ഓട സ്ലാബിടൽ | ,, | 377954 |

| | | | |
|---|---|---|---|
| 17 | ബൈത്തുറഹ്മ റോഡ് കോൺക്രീറ്റിങ്ങ് | ,, | 389486 |
| 18 | ദസ് വുകി ജുമാമസ്ജിദ് സംരക്ഷണ ഭിത്തി നിർമ്മാണം(RC/336790) | ,, | 361917 |
| 19 | മണ്ഡലം ചാൽ റോഡ് കോൺക്രീറ്റിങ്ങ് | ,, | 267414 |
| 20 | കൈനിക്കര പമ്പ് ഹൗസ് റോഡ് കോൺക്രീറ്റിങ്ങ് | അഷറഫ് | 398157 |
| 21 | പാറേത്താഴം റോഡ് കോൺക്രീറ്റിങ്ങ് | ,, | 255859 |
| 22 | പാമ്പകുടി ചാലിത്താഴം റോഡ് കലുങ്ക് നിർമ്മാണം | ,, | 372938 |
| 23 | ചിറപ്പടി കുടക്കാട്ട് കോളനി റോഡ് കോൺക്രീറ്റിങ്ങ് | ,, | 353876 |
| 24 | മഹാത്മാഗാന്ധി റോഡ് കോൺക്രീറ്റിങ്ങ് | ,, | 355961 |
| 25 | തട്ടുപറമ്പ് ചാലിത്താഴംലിങ്ക് റോഡ് സൈഡ് കെട്ടി സംരക്ഷണം | ജബ്ബാർ | 275636 |
| 26 | ചാക്കന്നം കിഴക്കിനേടം റോഡ് കോൺക്രീറ്റിങ്ങ് | ഷാനവാസ് പി യു | 355719 |
| 27 | തണ്ടുപുറത്ത് വയൽ റോഡ് കോൺക്രീറ്റിങ്ങ് | ,, | 281879 |
| 28 | വെള്ളാരപ്പിള്ളി റോഡ് കോൺക്രീറ്റിങ്ങ് കാന നിരിമ്മാണം | ടോണി ജോസ് | 284315 |
| 29 | ഹസ്സൻ മെമ്മോറിയൽ റോഡ് കോൺക്രീറ്റിങ്ങ് | മുഹമ്മദ് പി എം | 392788 |
| 30 | മുറിക്കല്ല് റോഡ് കോൺക്രീറ്റിങ്ങ് | അലി | 346681 |
| 31 | മില്ലുംപടി ചാപ്പൽ റോഡ് വിരിക്കല്ല് വിരിക്കൽ | സാബു | 432848 |
| 32 | പന്തം കോട്ട് ചിറ കിഴക്കിനേടം റോഡ് വിരിക്കല്ല് വിരിക്കൽ | ,, | 413647 |
| 33 | ലാൽ റോഡ് വിരിക്കല്ല് വിരിക്കൽ | ,, | 279344 |

ഇവരിൽനിന്ന് നിലവിൽ ജി എസ് ടി - ടി ഡി എസ് കറവു ചെയ്ത് നൽകാൻ കഴിയാത്ത സാഹചര്യമാണെന്നും ജി എസ് ടി - ടി ഡി എസ് തുക പഞ്ചായത്തിൽ അടവാക്കുന്നതിന് കരാറുകാരോട് നിർദ്ദേശിച്ചിട്ടുള്ളതായും അറിയിച്ചു. കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തി ഇവർക്ക് ഓരാ പ്രവൃത്തിയ്ക്കും നൽകിയ തുകയുടെ 2% ജി എസ് ടി - ടി ഡി എസ് ഈടാക്കി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

2.മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ഒരു സാമ്പത്തിക വർഷം ടെൻഡർ ക്ഷണിച്ച് ഒരു കരാറിൽ ഏർപ്പെടുന്നതിനു പകരം മെറ്റീരിയൽ അവശ്യമുള്ള ഓരോ പദ്ധതിയ്ക്കും പ്രത്യേകം കരാറിൽ ഏർപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതായി കാണുന്നു. നടപ്പാക്കുന്ന പ്രവൃത്തികളുടെ TS ഒരേ സമയം ലഭിക്കാത്തതിനാൽ ഓരോ പദ്ധതിയ്ക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു എന്ന മറുപടി തൃപ്തികരമല്ല. ഓരോ പദ്ധതിയ്ക്കും പ്രത്യേകം ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെടുന്നതിന് പകരം സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ എല്ലാ വസ്തുക്കളുടേയും അളവുകൾ കണക്കാക്കി എല്ലാ വസ്തുക്കൾക്കും ഒരുമിച്ചോ ആവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഇനം തിരിച്ചോ ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ട് മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന എന്ന ഉറപ്പുവരുത്തേണ്ടതാണ്.

3. കൃത്യമായ GST Invoice- ഫയലുകളിൽ സൂക്ഷിയ്ക്കുന്നില്ല. GST Invoice- വയ്ക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യമാണുള്ളത് എന്ന മറുപടി സ്വീകാര്യമല്ല. സപ്ലൈ ചെയ്യുന്ന സാധനങ്ങൾക്ക് കരാറുകാരന് GST Invoice- നൽകാൻ കഴിയുന്നില്ല എങ്കിൽ കരാറുകാരൻ GST രജിസ്ട്രേഷൻ ഉള്ള സ്ഥാപനത്തിൽ നിന്ന്

വാങ്ങുമ്പോൾ ലഭിയിക്കുന്ന GST Invoice- ഹാജരാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4 വ്യക്തിഗത പ്രവൃത്തികൾക്ക് ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. തൊഴിലുറപ്പ് ഗ്രാമസഭയിൽ രേഖപ്പെടുത്തി വി.ഇ.ഒ യുടെ റിപ്പോർട്ടിനനുസരിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത് എന്നറിയിച്ചു. വ്യക്തിഗത പ്രവൃത്തികൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം നേടിയതിന് ശേഷം മാത്രം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൊഴിലുറപ്പ് പദ്ധതിയിലൂടെ ആർജിക്കുന്ന ആസ്തികൾ ധനകാര്യ പത്രികയിൽ ആസ്തിയായി ചേർക്കുകയോ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റുകയോ ചെയ്യുന്നില്ല. എല്ലാ ചെലവുകളും റവന്യൂ ചെലവുകളായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലൂടെ രേഖപ്പെടുത്തുന്നു. മുൻവർഷങ്ങളിലേതടക്കം തൊഴിലുറപ്പ് പദ്ധതിയിലൂടെ ആർജിച്ച ആസ്തികൾ ധനകാര്യ പത്രികയിൽ ആസ്തിയായി ചേർത്ത് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14-9-23 ലെ ഓഡിറ്റ് എൻക്വയറി നം 15 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള മേൽ പറഞ്ഞ ഓഡിറ്റ്നിർദേശങ്ങൾ പാലിക്കേണ്ടതും ഭാവിയിൽ ബിൽ തുക രണ്ടരലക്ഷത്തിലധികം അധികരിക്കുന്ന സമയത്തു തന്നെ ജി എസ് ടി - ടി ഡി എസ് കുറവു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 ഓഡിറ്റ് ഇംപാക്ട്

1) ലൈസൻസ് ഫീസിനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ സബൈൻ ഹോസ്പിറ്റൽ, പേഴക്കാപ്പള്ളിയിൽ നിന്നും ഈടാക്കിയതിൽ കുറവുണ്ടായിരുന്ന ₹5000/- ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (നം.8/13.9.23) രസീതു നം. 1230503752/G071404 തീയതി 16.9.23 പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി .

2) ലൈസൻസ് ഫീസിനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ സഹീർ സി.എസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അളവുതൂക്ക ഉപകരണങ്ങൾ, ഹാർഡ് വെയർ ടൂൾസ് എന്നിവയുടെ വിൽപ്പന നടത്തുന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കിയതിൽ കുറവുണ്ടായിരുന്ന ₹500/- ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (നം.8/13.9.23) രസീതു നം. 1230503753/G071404 തീയതി 16.9.23 പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി.

## 1-24 ഹരിതകർമ്മസേന വാഹനവാടക - രേഖകൾ പൂർണ്ണമല്ല - 57400/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 112/23, ഹരിതകർമ്മസേന വാഹനവാടക |
| നിർവ്വഹണം | വി.ഇ.ഒ. |
| ആകെ അടങ്കൽ | ₹3,30,000/- |
| ആകെ ചെലവ് | ₹2,62,300/- |

ACR സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, ട്രഷറി ബില്ലുകൾ എന്നിവ പ്രകാരം ആകെ ₹262300/- യുടെ ചെലവ് നടന്നിട്ടുള്ളതായി കാണുന്നു. വാഹന ഉടമ തുക അനുവദിക്കുന്നതിനു നല്കിയിട്ടുള്ള അപേക്ഷകൾക്കൊപ്പം ₹2,62,300/- ക്കുള്ള ട്രിപ്പ്ഷീറ്റുകൾ സമർപ്പിക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ₹2,04,900/- ക്കുള്ള ട്രിപ്പ് ഷീറ്റുകൾ (മൂന്ന് ബുക്ക് ലെറ്റുകൾ) മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ബാക്കി ₹57400/- യുടെ (262300-204900=57400) ചെലവ് സാധൂകരിക്കുന്ന ട്രിപ്പ് ഷീറ്റോ മറ്റെന്തെങ്കിലും ചെലവ് രേഖയോ ഹാജരാക്കിയിട്ടില്ല. പ്രതിദിനം ₹2000/- രൂപ നിരക്കിലാണ് വാഹന വാടക നല്കിയിട്ടുള്ളത്. വാഹനവാടക നിശ്ചയിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 29 തീയതി 18-9-23)നല്കി. ₹57400/- യുടെ ചെലവ് സംബന്ധിച്ച ട്രിപ്പ് ഷീറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു. ട്രിപ്പ് ഷീറ്റുകൾ ഓഡിറ്റിന്

ഹാജരാക്കാത്തതിനാൽ ₹57400/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 94/23, ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം |
| നിർവ്വഹണം | വി.ഇ.ഒ., പായിപ്ര |
| ആകെ അടങ്കൽ | ₹1,72,00,000/- |
| ആകെ ചെലവ് | ₹1,29,20,000/- |

ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം നല്കിയത് സംബന്ധിച്ച ഫയലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | നല്കിയ തുക, തീയതി |
|---|---|
| മുത്തുലക്ഷ്മി രഘുനാഥ്, മുളേട്ടുപുറത്ത്(H), പേഴക്കാപ്പിള്ളി | 40000/-, 19-8-22 |
| | 160000/-, 29-8-22 |
| | 100000/-, 13-10-22 |
| മക്കാർ പി.കെ., പള്ളിക്കത്താഴത്ത്, പേഴക്കാപ്പിള്ളി | 40000/-, 7-12-22 |
| | 160000/-, 2-3-23 |

ഭവനനിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ28 തീയതി 16-9-23) നല്കി. മുത്തുലക്ഷ്മി രഘുനാഥ് എന്ന ഗുണഭോക്താവിന്റെ മകളുടെ അസുഖത്തെത്തുടർന്ന് ഭവനനിർമ്മാണം മുടങ്ങുകയായിരുന്നുവെന്നും മക്കാർ പി.കെ. എന്ന ഗുണഭോക്താവിന് തറപണി പൂർത്തീകരിച്ചശേഷം വെള്ളം, വൈദ്യുതി എന്നിവയുടെ തടസ്സംമൂലം നിർമ്മാണം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരികയായിരുന്നു എന്നും അറിയിച്ചിരിക്കുന്നു. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നല്കുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 1965326/-രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ താഴെ വിവരിക്കുംവിധം അപാകതകൾ ഉള്ളതായി കാണുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 340/23, പട്ടികവർഗ്ഗവിദ്യാർഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | ₹55,000/- |
| ആകെ ചെലവ് | ₹30,000/- |
| ബിൽ നമ്പർ/UTR Number, തീയതി | 519/28-3-23 |

2.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 174/23, പട്ടികജാതിവിദ്യാർഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | ₹2000000/- |
| ആകെ ചെലവ് | ₹1340000/- |

| | |
|---|---|
| ബിൽ നമ്പർ/UTR Number, തീയതി | 300/16-2-23 |

സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച് ഏതാനും അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇവ മേൽ സൂചിപ്പിച്ചവയിൽ ഏത് പ്രൊജക്റ്റുമായി ബന്ധപ്പെട്ടവയാണെന്ന് വ്യക്തമാകുന്നില്ല. മുഴുവൻ എണ്ണം അപേക്ഷകളും ഉണ്ടോയെന്ന് വ്യക്തമല്ല. പ്രൊജക്റ്റ് രേഖകൾ, ട്രഷറി ബിൽ, സ്കോളർഷിപ്പ് നിരക്ക് നിശ്ചയിച്ചതിന്റെ വിവരം, കൈപ്പറ്റ് രേഖകൾ തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

3.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 176/23, പട്ടികജാതിവിദ്യാർഥികൾക്ക് ലാപ് ടോപ്പ് നല്കൽ |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | ₹5,40,400/- |
| ആകെ ചെലവ് | ₹5,21,836/- |
| ബിൽ നമ്പർ/UTR Number, തീയതി | 421/18-3-23 |

പട്ടികജാതിവിദ്യാർഥികൾക്ക് ലാപ് ടോപ്പ് നല്കൽ എന്നതാണ് പ്രൊജക്റ്റ്. കെൽട്രോണിൽ നിന്ന് 14 ലാപ് ടോപ്പ് വാങ്ങിയിട്ടുള്ളതിന്റെ ബിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും കൃത്യമായി ക്രമനമ്പറിട്ട് ഹാജരാക്കിയിട്ടില്ല. ലാപ് ടോപ്പ് കൈപ്പറ്റിയത് സംബന്ധിച്ച് രേഖയില്ല. അതിനാൽ എത്രപേർക്കാണ് വിതരണം നടത്തിയത് വ്യക്തമല്ല. മുൻവർഷങ്ങളിൽ ലാപ്ടോപ്പ് കൈപ്പറ്റിയവർക്ക് വീണ്ടും വിതരണം നടപ്പാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി മുൻവർഷങ്ങളിലേതുൾപ്പെട്ട ആനുകൂല്യവിതരണരജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പട്ടികജാതിവികസനവകുപ്പിൽ നിന്ന് നേരത്തെ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഭൂരിഭാഗം വിദ്യാർഥികൾക്കും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

4.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 177/23, പട്ടികജാതിവിദ്യാർഥികൾക്ക് പഠനോപകരണം വിതരണം |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | ₹2,00,000/- |
| ആകെ ചെലവ് | ₹73,490/- |
| ബിൽ നമ്പർ/UTR Number, തീയതി | 469/26-3-23 |

മേൽ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർഥികൾക്ക് മേശ,കസേര എന്നിവ വിതരണം നടത്തിയിട്ടുണ്ട്. ആർട്ട്കോയിൽനിന്നാണ് വാങ്ങിയിട്ടുള്ളത്. മേശ, കസേര ഉൾപ്പെടുന്ന ഒരു യൂണിറ്റിന് നികുതി ഉൾപ്പെടെ 4899.36 രൂപയാണ് വില. ആകെ ചെലവ്തുകയായ ₹73490/- ക്ക് ആനുപാതികമായി 15 യൂണിറ്റുകളാണ് ലഭിക്കുക. ആറ് യൂണിറ്റുകളുടെ ബിൽ, ട്രഷറി ബിൽ എന്നിവ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. (ബിൽ തുക ₹29396/-) എന്നാൽ ഇവ വിതരണം ചെയ്തത് സംബന്ധിച്ച ഫയൽ നോട്ടിൽ 18 വിദ്യാർഥികളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 പേർ കൈപ്പറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ ചെലവ് തുകയും കൈപ്പറ്റിയവരുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ തീയതി 18/15-9-23) നല്കിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ മേൽ പരാമർശിക്കപ്പെട്ടിട്ടുള്ള നാല് പദ്ധതികളുടെ (ക്രമനം.1,2,3,4) ആകെ ചെലവ്തുകയായ ₹19,65,326/-

(30000+1340000+521836+73490) തടസ്സപ്പെടുത്തുന്നു.

1-27 തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും- പ്രോജക്റ്റുകളുടെ ബാഹുല്യം- നിർവ്വഹണവും മോണിട്ടറിംഗും സാധ്യമാക്കുന്നില്ല

2022-23 വർഷം തെരുവ് വിളക്കുകൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനുമായി പായിപ്ര ഗ്രാമപഞ്ചായത്ത് 8 പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും പ്രോജക്റ്റ് നമ്പരും | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| 01 | തെരുവ് വിളക്കുകളുടെ പരിപാലനം റിപ്പയറിംഗ് ചാർജ്ജ് (S0018/22) | 4,94,670 | 4,94,670 |
| 02 | തെരുവ് വിളക്കുകളുടെ പരിപാലനം എൽ ഇ ഡി ബൾബ് വാങ്ങൾ (S0057/23) | 25,000 | 0 |
| 03 | തെരുവ് വിളക്ക് പരിപാലനം റിപ്പയറിംഗ് സാമഗ്രികൾ വാങ്ങൽ (S00106/23) | 4,95,000 | 3,51,232 |
| 04 | തെരുവ് വിളക്കുകളുടെ പരിപാലനം റിപ്പയറിംഗ് ചാർജ്ജ് (S0127/23) | 4,95,000 | 4,92,140 |
| 05 | ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ കെ എസ് ടി പി തെരുവ് വിളക്കുകളുടെ പരിപാലനം ലേബർ ചാർജ്ജ് (S0129/23) | 4,50,000 | 2,97,600 |
| 06 | ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ കെ എസ് ടി പി തെരുവ് വിളക്കുകളുടെ പരിപാലനം റിപ്പയറിംഗ് സാമഗ്രികൾ വാങ്ങൽ (S0130/23) | 3,00,000 | 1,08,323 |
| 07 | ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ കെ എസ് ടി പി തെരുവ് വിളക്കുകളുടെ പരിപാലനം എൽ ഇ ഡി ബൾബ് വാങ്ങൾ (S0131/23) | 4,40,000 | 2,01,190 |
| 08 | തെരുവ് വിളക്കുകളുടെ പരിപാലനം-ലേബർ ചാർജ്ജ്(S0332/23) | 4,90,000 | 0 |

പ്രോജക്റ്റുകളുടെ ബാഹുല്യം പദ്ധതിപ്രവർത്തനത്തിന് തടസ്സമാകുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണത്തിലും മോണിറ്ററിംഗിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

1. തെരുവ് വിളക്കുകളുടെ വാങ്ങലും വിതരണവും പരിപാലനവും സുതാര്യമല്ല.

2. സ്പിൽ ഓവർ പ്രോജക്റ്റുകളായി വർഷങ്ങൾ തുടരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടു. ഒരു വർഷം ആവിഷ്കരിക്കുന്ന പദ്ധതികൾ പ്രസ്തുത വർഷംതന്നെ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. അത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. പരസ്യചെലവ് ഗണ്യമായി ഇതുവഴി കുറയ്ക്കുവാൻ സാധിക്കും.

4. വാങ്ങിയ തെരുവ് വിളക്കുകളുടെ വിതരണവും വിനിയോഗ വിവരവും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. രജിസ്ററുകൾ എഴുതി സൂക്ഷിച്ച് കൃത്യമായ പരിപാലനം ആവശ്യമാണ്.

5. പദ്ധതിനടത്തിപ്പിന്റെ തുടർനടപടികളും മോണിട്ടറിംഗും നടക്കുന്നില്ല

6. തെരുവ് വിളക്കുകളെ സംബന്ധിച്ച്, അവയുടെ എണ്ണം, പോസ്റ്റ് നമ്പർ, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയുടെ പരിപാലനം എന്നിവ സംബന്ധിച്ച് യാതൊരുവിധ പഠനവുമില്ല. ഒരു സാമ്പത്തിക വർഷം ആവശ്യമുള്ള, സാധാരണ ബൾബുകൾ, LED, CFL, എന്നിവ സംബന്ധിച്ച് പ്രാഥമിക ധാരണയില്ല. വർഷാരംഭത്തിൽ

ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരിശോധന നടത്തി ഒരുവർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്തി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

8. തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും രണ്ട് പ്രോജക്ടുകളിലായി പരിമിതപ്പെടുത്തണം.

9. തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും സപ്ളൈ ചെയ്യുന്ന സ്ഥാപനങ്ങൾ ഗ്യാരന്റി/വാറന്റി സംബന്ധിച്ച് എഗ്രിമെന്റിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും ആയത് നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്ത് നടത്തുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.3/2020-21 തീയതി : 15-09-21) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-28 പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. നടപ്പ് വർഷം മുതൽ ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കെ എസ് ഇ ബി, കെ.ഡബ്ല്യ.എ, ജി.ഡബ്ല്യ.എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷം പായിപ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തൈക്കടിറോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ (330/23) | 427/20.3.23 | 12508 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | 18ാം വാർഡിലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻസ്ഥാപിക്കൽ(329/23) | 346/2.3.23 | 260,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | കിഴക്കിനേടം പന്തൻകോട് ചിറ റോഡ് 3 ഫേസ് ലൈൻ സ്ഥാപിക്കൽ(328/23) | 345/2.3.23 | 104011 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | ആകെ | | 376519 | | |

| | | | | | |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (88/23) | 218/20.12.22 | 370,000 | പ്രസ്തുത പ്രവർത്തി ജവജീവൻമിഷൻ വഴി പൂർത്തീകരിച്ചതിനാൽ വാട്ടർ അതോറിറ്റി തുക പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടുള്ളതാണന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് എന്നാൽ തുക തിരികെ വന്നതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ് | |
| | ആകെ | | 370,000 | | |

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 2 /2022-23 തീയതി: 12-09-2023) ആയതിനാൽ തൻവർഷം നിക്ഷേപിച്ച പ്രവൃത്തികൾക്കായി വിനിയോഗിച്ച ₹746519/- (376519+370000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിവിധ പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ എസ് ഇ ബി, ഗ്രാമ പഞ്ചായത്ത്സെക്രട്ടറിയുമായി കരാർ ചമക്കുന്നില്ല. കെ ഡബ്ല്യ എ കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുമ്പോൾതന്നെ തദ്ദേശസ്വയംഭരണസ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാറ് വെക്കണമെന്ന് സർക്കുലർ നം 40308/ ഡി പി/03 ത സ്വ ഭ വ തീയതി 21.08.2003 ൽ നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ ₹3312980.00, കെ എസ് ഇ ബിക്ക് ₹6208806.00 അഡ്വാൻസായി നല്കിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത വ്യക്തമാകുന്നില്ല. മുൻ വർഷങ്ങളിൽ എത്ര രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നല്കിയിട്ടുണ്ടെന്നോ അവയിൽ എതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്നോ എത്ര രൂപ തിരികെ ഈടാക്കേണ്ടതുണ്ടെന്നുള്ളതും സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു കണക്കുകളോ രേഖകളോ ഇല്ല. വിവിധ പ്രവൃത്തികൾക്കായി തുക നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസികളുമായി കരാർ ചമക്കാത്തതിനാൽ നിയമ നടപടികൾ സ്വീകരിക്കാനാവില്ല. നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-30 തൃക്കളത്തൂർ പബ്ലിക് ലൈബ്രറികെട്ടിടം - ഉപയോഗപ്രദമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | എസ് 0025/24 |
| പദ്ധതി | തൃക്കളത്തൂർ പബ്ളിക് ലൈബ്രറികെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി എഞ്ചിനീയർ |
| അടങ്കൽ | തനത്ഫണ്ട് 1 377059 |
| ബിൽ നം തീയതി | 6/12..22 1377059 |

ഓഡിറ്റ് വർഷം തൃക്കളത്തൂർ പബ്ലിക് ലൈബ്രറിയുടെ മുകളിൽ രണ്ട് മുറികൾ നിർമ്മിച്ച നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും പ്രസ്തുത മുറികൾ ഉപയോഗിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടിം 14.9.2023 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. അടഞ്ഞുകിടക്കുന്ന മുറിക്കുള്ളിൽ വെന്റിലേഷൻ വഴി

പ്രാവുകൾ വാസമാക്കിയിരിക്കുകയാണ്. പ്രാവിന്റെ വിസർജ്ജ്യം കൊണ്ട് നിറഞ്ഞ മുറിയിൽ നിന്നും ദുർഗന്ധം വമിക്കുന്നു. സ്റ്റെയർകെയ്സിൽ പ്രാവിൻ കൂട്ടം മുട്ടകളുമൊക്കെയാണ് ഉള്ളത്. തനത് ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചിലവഴിച്ച് നിർമ്മിച്ച കെട്ടിടം മാലിന്യകേന്ദ്രമാക്കിയിട്ടിരിക്കുകയാണ്. പ്രാവിൻ കാഷ്ഠം ബ്ലാക്ക് ഫംഗസ്, ശ്വാസകോശം ദ്രവിക്കുന്ന ഇൻഡസ്ട്രിയൽ ലങ് ഡിസീസ് (ഐ.എൽ.ഡി.) എന്നീരോഗങ്ങൾക്ക് കാരണമാകുന്ന മാലിന്യമാകയാൽ അടിയന്തിരമായി പ്രസ്തുത മുറികൾ ശുചീകരിക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.





പഞ്ചായത്തിലെ ജനങ്ങളുടെ സമഗ്ര വികസനത്തിന് ഉപയോഗപ്രദമായ പ്രവൃത്തികൾ മുൻഗണനക്രമത്തിൽ ചെയ്യുന്നതിനാണ് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കേണ്ടത്. തനത് ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച മുറി പണി പൂർത്തികരിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും

ഉപയോഗിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു

1-31 മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ - വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | എസ്37/23 |
| പദ്ധതി | മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി എഞ്ചിനീയർ |
| അടങ്കൽ | 1200,000(തനത് ഫണ്ട് ) 4800,000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് ബിൽ നം തിയതി | 2212025209900098433 തീയതി 5.1.23 ₹ 10,00,000 22120252099001495715 തീയതി 27.3.23 ₹ 22,90.628 193/23 തീയതി 5.12.22 ₹ 12,00,000 |

പായിപ്ര പഞ്ചായത്തിലെ 16, 19 വാർഡുകളിൽ ജലസേചനത്തിനായി വിഭാവനം ചെയതിട്ടുള്ളതാണ് മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പദ്ധതിക്കായിട്ടുള്ള കിണർ 2014-15 സാമ്പത്തിക വർഷവും ടാങ്ക് 2015-16 സാമ്പത്തിക വർഷവും നിർമ്മിച്ചിട്ടുള്ളതാണ്. 2016-17 സാമ്പത്തിക വർഷം 545 മീറ്റർ പി വി സി പമ്പിംഗ് മെയിൻസ് ഡിസ്ട്രിബ്യൂഷൻ എന്നിവ ഇട്ടിട്ടുള്ളതാണ്. ഓഡിറ്റ് വർഷം ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം 990 മീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ ഇടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും 576 മീറ്റർ മാത്രമാണ് പമ്പിംഗ് മെയിൻ ഇട്ടിട്ടുള്ളത്. 2014-15 ൽ ആരംഭിച്ച പദ്ധതി, ഏകദേശം ഒരു പതിറ്റാണ്ടിനടുത്തായിട്ടും പമ്പിംഗ് മെയിൻസ് പോലും പൂർത്തീകരിക്കാനാവാത്ത സ്ഥിതിയിലാണ്. പദ്ധതി പൂർത്തികരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ടിന്റെ നം/ വർഷം | 17/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹400,000/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽനം, തീയതി ചെലവ് തുക | നംആർ.ബി.ഐ221202000000012339/തീയതി 21.12.22 ₹400,000/- |

2022-23 വർഷം ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ പ്രൊജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ ₹4,00,000/-യുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ₹273250/-യുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹2,73,250/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി- അധിക തുക അനുവദിച്ചത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. യു പി സ്കൂൾ |
| പ്രൊജക്ട് നമ്പർ/പേര് | 270/23<br>സ്റ്റുഡന്റ് പോലീസ് കേഡറ്റ് |
| അടങ്കൽ | ₹30000/- തനത് ഫണ്ട് |
| ചെലവ് | ₹30000/ -തനത് ഫണ്ട് |
| ബിൽ നം | വൗച്ചർ നം 22200687 Dt 21-10-23, 15030/-<br>വൗച്ചർ നം 22201133<br>Dt 5-2-23, 14970/- |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള GHSS, പേഴയ്ക്കാപ്പിള്ളി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ചെലവുകൾക്കായി സ്കൂൾ സമർപ്പിച്ച ബില്ലുകൾക്കനുസരിച്ച് ആകെ ₹30000/- ചെലവാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.4.4 പ്രകാരം പരിശീലനത്തിന് വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്ന് ലഭ്യമാകുന്നത് കിഴിച്ചുള്ള തുക, പരമാവധി ഒരു സ്കൂളിന് ₹20000/- വരെ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ആകെ ചെലവ് വിവരങ്ങളോ, പോലീസ് വകുപ്പിൽ നിന്ന് ലഭ്യമായ തുകകളുടെ വിവരങ്ങളോ ലഭ്യമാക്കിയില്ല. കൂടാതെ ഒരു സ്കൂളിന് അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി തുക നൽകിയതായും കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15-9-23 ലെ ഓഡിറ്റ് എൻക്വയറി നം 17 ന് സർക്കാർ ഉത്തരവ് 02/2012/തസ്വഭവ, Dt 2/1/2012 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി ₹50000/- ൽ അധികരിക്കാതെ ചെലവഴിക്കാവുന്നതാണ് എന്നതിനാലാണ് തുക അനുവദിച്ചത് എന്ന മറുപടി സ്വീകാര്യമല്ല. ഒരു സ്കൂളിന് പരാമധി ₹20000/- എന്ന നിരക്കിൽ ഒരു ഗ്രാമപഞ്ചായത്തിന് ഒരുവർഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി പരമാവധി ചെലവഴിക്കാവുന്ന തുകയാണ് ₹50000/- . അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി നൽകിയ തുക ₹10000/- നിരാകരിക്കുന്നു. മറ്റു വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഈ തുക തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ് .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2022-23 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് അനുബന്ധ ഉപകരണങ്ങളും | 300,000 | 0 |
| 2 | | 2022-23 | 319376 | പാറ്റായി പുന്നോപ്പടി ലിഫ്റ്റ് ഇറിഗേഷൻ | 319376 | 0 |
| 3 | | 2022-23 | 3290628 | മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 3290628 | 0 |
| 4 | | 2022-23 | 1600,000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി- ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 1600,000 | |
| 5 | | 2022-23 | 610,000 | പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 610,000 | |
| 6 | | 2022-23 | 25000 | നെൽകൃഷി വികസനം | 25000 | |
| 7 | | 2022-23 | 75000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 75000 | |
| | ആകെ | | 6220004 | | 6220004 | |
| 1 | ബ്ളോക്ക് പഞ്ചായത്ത് | 2022-23 | 540000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി- ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം(പട്ടിക ജാതി | 540000 | |
| 2 | | 2022-23 | 1200000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി- ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 1200000 | |
| 3 | | 2022-23 | 230000 | പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 230000 | |
| 4 | | 2022-23 | 17500 | നെൽകൃഷി വികസനം | 17500 | |
| 5 | | 2022-23 | 125000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 125000 | |
| 6 | | 2022-23 | 750,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് അനുബന്ധ ഉപകരണങ്ങളും | 750,000 | |
| | ആകെ | | 2862500 | | 2862500 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തൈക്കുടിറോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ (330/23) | 427/20.3.23 | 12508 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | 18ാം വാർഡിലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻസ്ഥാപിക്കൽ(329/23) | 346/2.3.23 | 260,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | കിഴക്കിനേടം പന്തൻകോട് ചിറ റോഡ് 3 ഫേസ് ലൈൻ സ്ഥാപിക്കൽ(328/23) | 345/2.3.23 | 104011 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | ആകെ | | 376519 | | |
| കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (88/23) | 218/20.12.22 | 370,000 | പ്രസ്തുത പ്രവർത്തി ജലജീവൻമിഷൻ വഴി പൂർത്തീകരിച്ചതിനാൽ വാട്ടർ | |

| | | | | |
|---|---|---|---|---|
| | | | അതോറിറ്റി തുക പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടുള്ളതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് എന്നാൽ തുക തിരികെ വന്നതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ് | |
| | | | | |
| ആകെ | | 370,000 | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ ലോൺ (KURDFC) | GO.(MS) No.100/2018/LSGD, Dt.30.7.18 | 5500000 | 30433127 | 18950,000 | 5666825 | - | 43716302 |
| | | | | | | | |

ലൈഫ്മിഷൻ വായ്പ തിരിച്ചടവ് ₹56,66,825/- ആയിരിക്കെ വാർഷിക കണക്കിൽ തിരിച്ചടവ് തുക ₹56,67,002/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല, കണക്കിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല, റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ / ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |

| | | | | | |
|---|---|---|---|---|---|
| | | | | /കല്ലുകൾ സ്ഥാപിച്ചിട്ടില്ല | |
| 2013-14 | 2-(A) | 2013-14 | 2-(A) | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചി രിക്കുന്നു. |
| 2014-15 | 3-6 | 2014-15 | 3-6 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി IEC Calender വിതരണം. | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചി രിക്കുന്നു. |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87058457.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75989895.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3317195.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം , വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 10000.00 | സലിം പി എ, ഹെഡ്മാസ്റ്റർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 200000.00 | ദർശിനി ഷിബു, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-20 | 74700.00 | സലിം പി എ, ഹെഡ്മാസ്റ്റർ |
| 1-24 | 57400.00 | ജാൻസി പൗലോസ്, വി.ഇ.ഒ, മുളവൂർ |
| 1-26 | 1965326.00 | റോഷിൻ കോശി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-39 | 370000 | എൻ.അനിൽ കുമാർ, സെക്രട്ടറി |
| | 376519 | ജിനേഷ് ജി., സെക്രട്ടറി |
| 1-32 | 273250 | ഡോ.കൃഷ്ണകുമാർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 3317195 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം / തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സലിം പി എ, ഹെഡ്മാസ്റ്റർ | വിരമിച്ച | പുതുശ്ശേരിക്കൽ വീട്, മുളവൂർ പിഒ |
| ദർശിനി ഷിബു, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, പാലക്കുഴ ഗ്രാമപഞ്ചായത്ത് | മൈത്രി വീട്(Nett ഹോസ്റ്റലിന് പുറകിൽ). മൂവാറ്റുപുഴ |
| ജാൻസി പൗലോസ്, വി.ഇ.ഓ. മുളവൂർ | വി.ഇ.ഒ. മുളവൂർ, പായിപ്ര ഗ്രാമപഞ്ചായത്ത് | താഴത്തേക്കുടി ഇരപുറം പി ഒ കുന്നക്കുരുടി-683542 |
| റോഷിൻ കോശി അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ---- ഗ്രാമപഞ്ചായത്ത് | കൈതാക്കുടി വീട് മണ്ണൂർ, കീഴില്ലം പി ഒ |
| ഡോ.കൃഷ്ണകുമാർ മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ | മോളത്തുകുടി ഹൗസ് മേത്തല പി.ഒ |
| ജിനേഷ് ജി., സെക്രട്ടറി | സെക്രട്ടറി, വടവ്കോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | നിഷ ഭവൻ, ബി.ഒ.സി റോഡ്, പെരുമ്പാവൂർ പി.ഒ, 683542 |
| അനിൽ കുമാർ എൻ., സെക്രട്ടറി | എ.ഡി.പി, ഇന്റേണൽ വിജിലൻസ്, കാക്കനാട് | ചാമക്കാലായിൻ, വടയമ്പാടി, പുത്തൻകുരിശ് 682308 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 തീയതി, 08.01.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 തീയതി, 07.01.2003 |
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03 തീയതി, 02.07.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 തീയതി, 29.4.2008 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 തീയതി, 15.10.2009 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 തീയതി, 15.10.2009 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/12 തീയതി, 01.03.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 തീയതി, 27.02.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12 തീയതി, 08.01.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13 തീയതി, 25.11.13 / 04.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8) 1122/15 തീയതി, 27.07.15 / 17.08.15 |
| 2015-16 | കെ എസ് എ -ഇ കെ എം (പി 8)1972/2016 തീയതി, 08.12.16/10.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി.8)1267/17 തീയതി, 16.09.17/17.10.17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി.8)2059/18തീയതി, 22.03.2019 |
| 2018-19 | കെ. എസ്.എ.ഇ.കെ.എം (പി.8)1575/2019,<br>തീയതി 07.12.2019/05.02.2020 |

| | |
|---|---|
| 2019-20 | കെ. എസ്.എ.ഇ.കെ.എം (പി.8)1284/2021 തീ. 20.12.2021 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം (പി.8)1285/2021 തീ. 03.02.2022 |
| 2021-22 | കെ.എസ്.എ/ഇ.കെ.എം./പി.8/1762/2022 തീ.07/12/2022 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 03-07-2023 and submitted on 03-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Paipra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Paipra Grama Panchayat for the year 2022-2023

Date: 25/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Paipra Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The Asset value shown in Balance Sheet is not traceable to Asset register due to unsupported design of existing asset register.

4. Non inclusion of Notes to accounts in Financial statements and non disclosure of material facts.

5. Generation of financial reports showing contradictory information due to non integration of Accounting

software with other related softwares.

**2.Other Observations**

1. Non inclusion of ratios in finacial statements
2. Cash Flow Statement - Net increase/decrease in cash and cash equivalents does not match with net cash generated by operating + financing + investing activity.
3. Asset register does not match with financial statements
4. Stock register does not match with financial statements
5. Property Tax DCB in AFS is not in tally with the DCB in Sanchaya Statements.
6. Total Amount in deposit register does not match with financial statements.
7. Figures in advance register does not match with financial statements.
8. Lapses in making timely and accurate demand entries in respect of tax and non tax revenue
9. The supporting details regarding balance in district panchayat share and Block Panchayat share for joint venture projects are not provided.
10. Demand registers in respect of tax and non tax revenues are not periodically reconciled with accounts.
11. Payment Vouchers are not properly classified.
12. CfC basic expenditure in ACR does not match with financial statements.
13. Closing balance of Life Mission loan does not match with financial statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്